പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4598

04.02.2014 ൽ മറുപടിക്ക്

**ഹോട്ടൽ ഭക്ഷണവില നിയന്ത്രണത്തിന് അതോറിറ്റി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എ. കെ. ബാലൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില ഒരു നിയന്ത്രണവുമില്ലാതെ വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) അവശ്യസാധനങ്ങളുടെ വിലവർദ്ധനവിന് ആനുപാതികമായി ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വിലയിലും വർദ്ധനവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുന്നത്; ആയത് ചെയ്തിട്ടുണ്ടോ ; | (ബി) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് തടയുവാനായി ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണസാധനങ്ങളുടെ വിലനിലവാരപ്പട്ടിക പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ കേരള ഫുഡ്സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ പ്രകാരം കർശന നടപടികൾ സ്വീകരിച്ചു വരുകയുംചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | ഹോട്ടലുകളിൽ ഭക്ഷണവില വർദ്ധിപ്പിച്ചാൽ അതിൽ ഇടപെടാൻ അധികാരമുള്ള സ്ഥാപനമേതാണ്; അത്തരം ഇടപെടലുകൾ നടത്താൻ പ്രസ്തുത സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ടോ ; | (സി) | ഹോട്ടലുകളിൽ ഭക്ഷണവില വർദ്ധിപ്പിച്ചാൽ അതിൽ ഇടപെടാനുള്ള അധികാരം നിലവിൽ സിവിൽ സപ്ലൈസ് വകുപ്പിനില്ല. എന്നാൽ ഹോട്ടലുകളിലെ നിലവാരവും സൗകര്യവും അനുസരിച്ച് വില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനുമായി ഒരു നിയമനിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഡി) | ഹോട്ടലുകളുടെ നിലവാരത്തിനനുസരിച്ച് ഭക്ഷണവില നിയന്ത്രിക്കാൻ നിയമാനുസൃതമായ ഒരു അതോറിറ്റിയെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | |

സെക്ഷൻ ഓഫീസർ